**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി ആയ ശ്രീ. മാത്യു ആൻഡ്രൂസിന്റെ കിലയിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.109/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 21.01.2019

---

പരാമർശം:- 1) 10.05.2013 ലെ സർക്കുലർ നമ്പർ. 42/2013/ധന

2) 28.11.2013 ലെ സ.ഉ. (പി) നം. 580/2013/ധന

3) 05.01.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.48/18/ തസ്വഭവ

4) 30.12.2018 ലെ കില ഡയറക്ടറുടെ 2017/101/2429/ഇ 1 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി ആയ ശ്രീ. മാത്യു ആൻഡ്രൂസിന് പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം കിലയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്ര സേവനം അനുവദിച്ച് ഉത്തരവായിരുന്നു. ടിയാന്റെ അന്യത്രസേവന കാലാവധി 09.01.2019-ന് അവസാനിക്കുകയാണെന്നും ആയത് ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (4) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ / നിരാക്ഷേപ സാക്ഷ്യ പത്രം സഹിതം കില ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കിലയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി ആയ ശ്രീ. മാത്യു ആൻഡ്രൂസിന്റെ അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം 1 ചട്ടം 140 (C) യിലെ വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 10.01.2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി എം.ആർ.

അണ്ടർ സെക്രട്ടറി

ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം .
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ. മാത്യു ആൻഡ്രൂസ്, അസിസ്റ്റന്റ് സെക്രട്ടറി , കോടശ്ശേരി ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ. ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.), കേരള,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.